# സത്യസന്ധതക്കുള്ള പ്രധാന തെളിവ്



**അനേകം** പ്രാമാണിക ഹദീസ്ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ആയിരക്കണക്കായ ഹദീസുകൾ പരിശോധിക്കുക. ഓരോ ഹദീസ്ഗ്രന്ഥത്തിലെയും ഹദീസുകൾ തുടക്കം മുതൽ ഒടുക്കം വരെ പഠനവിധേയമാക്കുക. സ്വഹീഹായ മുഴുവൻ ഹദീസുകളും ഭാഷ, ശൈലി, പദവിന്യാസം, ആശയസമ്പുഷ്ടത തുടങ്ങിയ കാര്യങ്ങളിൽ അത്ഭുതാവഹമായ ഏകതാനതയും താളൈക്യവും പുലർത്തുന്നതു കാണാം. നബി(സ)യുടെ പ്രത്യേക ഭാഷാശൈലിയും സവിശേഷമായ വിവരണ രീതിയും ഹദീസുകൾക്ക് ആസ്വാദ്യകരമായ സൗന്ദര്യം നൽകുന്നു. നബി(സ)യുടെ ഉന്നതവ്യക്തിത്വത്തിന്റെ ഉത്തമനിദർശനമാണവ. മറ്റൊരാൾക്കു അനുകരിക്കാൻ കഴിയാത്തതാണ് പ്രവാചകന്റെ ഭാഷാശൈലി. അതുകൊണ്ട് യഥാർഥ നബിവചനവും കൃതിപ്പുകളും തമ്മിൽ വേർതിരിച്ചറിയാൻ പ്രയാസമില്ല. ഒരാൾക്ക് ഹദീസിന്റെ നിവേദകപരമ്പരയും നിവേദകരുടെ സ്വീകാര്യതയും മറ്റും പരിശോധിക്കാതെ, ഹദീസിന്റെ പാഠം (മത്ൻ) പരിശോധിച്ചുകൊണ്ടുതന്നെ അത് ശരിയായ(സ്വഹീഹ്) ഹദീസാണോ അല്ല വ്യാജം(മൗദൂഅ്) ആണോ എന്ന് പറയാൻ കഴിയും. കാരണം വ്യാജഹദീസിന്റെ ഭാഷയും വാക്യഘടനയും തന്നെ അത് പ്രവാചകന്റെ ഭാഷയല്ലെന്നു സൂചിപ്പിക്കുന്നതായിരിക്കും. നബി(സ)യുടെ വാക്കുകളോടെ തന്നെ നിവേദനം ചെയ്ത (രിവായതുൻ ബില്ലഫ്ള്) ഹദീസുകളും, നബി(സ)യുടെ ആശയങ്ങൾ സ്വന്തം വാക്കുകളിൽ നിവേദനം ചെയ്ത(രിവായത്തുൻ ബിൽമഅ്നാ) ഹദീസുകളും തമ്മിൽ പ്രകടമായ അന്തരമുണ്ടെന്നത് ഇതിന്റെ തെളിവാണ്. ഹദീസ് രംഗത്ത് ഗവേഷണം നടത്തിയ പണ്ഡിതൻമാർ പ്രത്യേകം നിരീക്ഷിച്ചിട്ടുള്ളതാണിത്. വ്യാജഹദീസുകൾ മാത്രമല്ല ഹദീസുകളിൽ ബോധപൂർവം കാണിക്കുന്ന കൃത്രിമങ്ങളും യാദൃഛികമായി സംഭവിക്കുന്ന അബദ്ധങ്ങളും ഇതുവഴി തിരിച്ചറിയാമെന്ന് പണ്ഡിതന്മാർ പറയുന്നു.